"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 52, 53-ൽ ഉൾപ്പെട്ട, മത്സ്യഫെഡിന് കീഴിലുള്ള സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.115/2023/F&P തീയതി, തിരുവനന്തപുരം, 06-02-2023

---

പരാമർശം:-
1. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 14/02/2022, 03/03/2022 തീയതികളിലെ 29/ബി/കെ.എസ്.എഫ്.ഡി.ആർ.സി. നമ്പർ കത്തുകൾ.
2. ഫിഷറീസ് ഡയറക്ടറുടെ 01/07/2022-ലെ DFTVM/2671/ 2020-N3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 52, 53-ൽ ഉൾപ്പെട്ട, മത്സ്യഫെഡിന് കീഴിലുള്ള സംഘങ്ങളിൽ നിന്നും വായ്പ എടുത്ത 21 ഗുണഭോക്താക്കൾക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുള്ളതായും, ചുവടെ പട്ടികപ്പെടുത്തിയ പ്രകാരം കടാശ്വാസം അനുവദിക്കുന്നതിന് ആകെ 6,45,324/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-800-21-34 OC (നോൺ പ്ലാൻ) എന്ന ശീർകത്തിൽ നിന്നും മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറിന് അനുവദിച്ചു നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**പട്ടിക 1**

| ലിസ്റ്റ് | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | മുതൽ | പലിശ | ആകെ |
|---|---|---|---|---|---|
| 52 | തിരുവനന്തപുരം | 3 | 49,803/- | 0 | 49,803/- |
| | കൊല്ലം | 1 | 4,202/- | 0 | 4,202/- |
| | എറണാകുളം | 7 | 3,81,622/- | 0 | 3,81,622/- |
| | തൃശ്ശൂർ | 1 | 17,888/- | 4,012/- | 21,900/- |
| | കോഴിക്കോട് | 4 | 30,646/- | 0 | 30,646/- |
| ആകെ | | 16 | | | 4,88,173/- |

പട്ടിക II

| ലിസ്റ്റ് | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | മുതൽ | പലിശ | ആകെ |
|---|---|---|---|---|---|
| 53 | തിരുവനന്തപുരം | 1 | 44,890/- | 0 | 44,890/- |
| | എറണാകുളം | 3 | 12,261/- | 0 | 12,261/- |
| | മലപ്പുറം | 1 | 1,00,000/- | 0 | 1,00,000/- |
| ആകെ | | 5 | | | 1,57,151/- |

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള, കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 52, 53- ഉൾപ്പെട്ട 21 ഗുണഭോക്താക്കൾക്കു ആകെ 6,45,324/- രൂപ (ആകെ ആറ് ലക്ഷത്തി നാല്പത്തിഅയ്യായിരത്തി മൂന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-800-21-34 OC (NP) എന്ന ശീർഷകത്തിൽ നിന്നും മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറിന് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതീഷ്.എസ്.ധരൻ
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27/12/2022-ലെ 2258909/WCD-2/36/2022-FIN നമ്പർ കുറിപ്പ് പ്രകാരം)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ